ഭരണഭാഷ മാതൃഭാഷ

നം. പി2 - 1951/16

ജില്ലാ സാമൂഹ്യനീതി ആഫീസ്
പത്തനംതിട്ട
E-mail:
Ph: 0468 2325168
തീയതി: 19/12/2016

പബ്ലിക് ഇൻഫർമേഷൻ ആഫീസർ
&
ജില്ലാ സാമൂഹ്യനീതി ഓഫീസർ
പത്തനംതിട്ട

ശ്രീ. കെ.കെ. രാഘവൻ
നിരവേൽ വീട്
ചിക്കനാൽ
ഓമല്ലൂർ

സർ,

വിഷയം: ജില്ലാ സാമൂഹ്യനീതി ആഫീസ് പത്തനംതിട്ട - വിവരാവകാശ നിയമം 2005 മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന: താങ്കളുടെ 30.11.16 ലെ അപേക്ഷ.

സൂചനയിലൂടെ ആവശ്യപ്പെട്ട വിവരങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

1. പകർപ്പ് ഇതോടൊപ്പം നൽകുന്നു.
2. പരാതി കൈപ്പറ്റിയ തീയതി - 01.11.16 കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും ജെ. ഷംലാ ബീഗം, ജൂനിയർ സൂപ്രണ്ട്
   വിതരണ പതിവേറ്റിൽ ചേർത്ത തീയതി 01.11.16 ഉദ്യോഗസ്ഥന്റെ പേരും തസ്തികയും - രതീഷ് കുമാർ എം. ക്ലാർക്ക് ടൈപ്പിസ്റ്റ്
3. ഈ ആഫീസിൽ നടപടി സ്വീകരിക്കാൻ കഴിയാത്തതുകൊണ്ട് താങ്കളുടെ പരാതി തുടർനടപടികൾക്കായി 5.11.16 ൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ PWD ജില്ലാ തല എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിരുന്നു.
4. PWD ജില്ലാ തല എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച താങ്കളുടെ പരാതി തുടർനടപടികൾക്കായി കോഴഞ്ചേരി അഡീഷണൽ തഹസിൽദാർക്ക് നൽകിയതു സംബന്ധിച്ച രേഖ ഉള്ളടക്കം ചെയ്യുന്നു.
5. ഇല്ല

മേൽ സൂചിപ്പിച്ച മറുപടി തൃപ്തികരമല്ലെങ്കിൽ തിരുവനന്തപുരം പൂജപ്പുരയിൽ പ്രവർത്തിക്കുന്ന റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് എന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ

പബ്ലിക് ഇൻഫർമേഷൻ ആഫീസർ
&
ജില്ലാ സാമൂഹ്യനീതി ആഫീസർ
പത്തനംതിട്ട

1757/16

ബഹുമാനപ്പെട്ട പത്തനംതിട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർ മുമ്പാകെ,

പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരി താലൂക്കിൽ ചെന്നീർക്കര ഗ്രാമപഞ്ചായത്ത് അഞ്ചാം വാർഡിൽ ഓമല്ലൂർ പി.ഒ., ചീക്കനാൽ, നിരവേൽ വീട്ടിൽ കെ.കെ. രാഘവൻ ബോധിപ്പിക്കുന്ന അപേക്ഷ.

ഞാൻ പട്ടികജാതി പുലയ സമുദായത്തിൽപ്പെട്ട ആളും ഒട്ടും നടക്കുവാനോ പരസഹായം കൂടാതെ ജീവിക്കുവാനോ കഴിയാത്ത ഒരു വികലാംഗനാണ്. എനിക്ക് 7 പെൺകുട്ടികളാണുള്ളത്. അഞ്ച് പേരുടെ വിവാഹം കഴിഞ്ഞു. ഇനി രണ്ടു പേരുടെ വിവാഹം കൂടി നടക്കാനുണ്ട്.

എനിക്ക് 77 വയസ്സുണ്ട്. ജനനം മുതൽ ഞാൻ ഇവിടെ താമസിക്കുന്നു. ഒട്ടും നടക്കുവാൻ സാധിക്കാത്ത എനിക്ക് വീൽചെയറിൽപോലും പുറത്തേക്കിറങ്ങുവാനുള്ള വഴി സൗകര്യം ഇല്ല.

ചെന്നീർക്കര ഗ്രാമപഞ്ചായത്ത് 5-ാം വാർഡിൽ മലങ്കാവ് റോഡിൽ നിന്നും എന്റെ വീടിനു സമീപത്തുള്ള പാറയുടെ മുൻവശത്ത് കിടക്കുന്ന വഴി ഗതാഗത യോഗ്യമാക്കിത്തന്നാൽ എനിക്ക് വീൽചെയറിലെങ്കിലും പുറത്തേക്കു പോകുവാൻ സാധിക്കും. ഞാൻ പോകുന്ന വഴി വലിയ പാറകളും പാറക്കല്ലുകളും ഒക്കെയാണ്. ഇതിന്റെ മുകളിൽകൂടി ഇഴഞ്ഞിഴഞ്ഞാണ് ഞാൻ എന്റെ വീട്ടിൽ എത്താറുള്ളതും പല പല ആവശ്യങ്ങൾക്കായി പുറത്തേക്കു പോകുന്നതും. ഒരസുഖം വന്നാൽപോലും എടുത്തുകൊണ്ടു പോകുന്നതിനുപോലും ശരിയായ വഴിസൗകര്യം ഇല്ലാത്തതുകൊണ്ട് ഞാനും എന്റെ കുടുംബവും നന്നേ ബുദ്ധിമുട്ടുകയാണ്.

ആകയാൽ ചെന്നീർക്കര ഗ്രാമപഞ്ചായത്ത് 5-ാം വാർഡിൽപെട്ട മലങ്കാവ് റോഡിൽനിന്ന് എന്റെ വീടുവരെ തടസ്സമില്ലാതെ എന്റെ വീൽ ചെയര് ഉരുട്ടിക്കൊണ്ട് പ്രവേശിക്കാനാവുംവിധം 1995-ലെ ദേശീയ വികലാംഗനിയമം 46-ാം വകുപ്പുപ്രകാരം ചരിവുപ്രതലമല്ലെങ്കിൽ റോഡ് കോൺക്രീറ്റ് വാർത്ത് ഗതാഗതയോഗ്യമാക്കിത്തന്നും മറ്റുള്ളവർക്കൊപ്പം തടസ്സമില്ലാതെ ജീവിക്കുവാനുള്ള അനുകൂല സാഹചര്യം ഒരുക്കി നൽകി ഒട്ടും നടക്കുവാനോ പരസഹായമില്ലാതെ ജീവിക്കുവാനോ കഴിയാത്ത എന്നോട് കരുണ കാണിക്കണമെന്നും വിനീതമായി അപേക്ഷിക്കുന്നു.

ഇതോടൊപ്പം എന്റെ വികലാംഗത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പും നൽകുന്നു.

PS
Add Tahsildar Kozhencherry
He is a differently abled person
5/11/16

എന്ന് അപേക്ഷകൻ

സ്ഥലം : പ്രക്കാനം

തീയതി : 1/11/2016

കെ.കെ. രാഘവൻ

Raghavan K.K.

9744348333